പട്ടികജാതി യുവതീയുവാക്കൾക്ക് ഓൺലൈനായി അപേക്ഷകൾ അയയ്ക്കുന്നതിനും മറ്റുമായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ സംവിധാനവും അതോടൊപ്പം ലൈബ്രറി, റീഡിംഗ് റൂം എന്നിവയും വിജ്ഞാൻവാടിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ 1000 വിജ്ഞാൻവാടികൾ സ്ഥാപിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിജ്ഞാൻവാടി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടർ, ലൈബ്രറി, റീഡിംഗ് റൂം എന്നിവ സ്ഥാപിക്കുന്നതാണ്.

പട്ടികജാതി പ്രൊമോട്ടർമാരായി സേവനം അനുഷ്ഠിക്കുന്നവരുടെ വേതനകുടിശ്ശിക

274 (4560) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പ്രൊമോട്ടർമാരായി സേവനം അനുഷ്ഠിക്കുന്നവർക്കുള്ള വേതനം മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി മേഖലയിലെ എസ്.സി. പ്രൊമോട്ടർമാർക്ക് കഴിഞ്ഞ 4 മാസക്കാലമായി വേതനം നൽകാത്ത വിഷയം അടിയന്തരമായി പരിഗണിച്ച് ആയത് ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി പ്രൊമോട്ടർമാർക്ക് വേതനം നൽകുന്നതിനുള്ള ഫണ്ട് അനുവദിക്കുകയും വേതനം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർക്കുള്ള സംവരണം

275(4561) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയാടിസ്ഥാനത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് പറയാമോ;

(ബി) കേരളത്തിലെ പ്രസ്തുത വിഭാഗങ്ങൾക്കുള്ള സംവരണം എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly